**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 909** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയെ സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വികസന വകുപ്പ്, ആലപ്പുഴ നിയമസഭാ മണ്ഡലത്തിൽ ആര്യാട് ബ്ലോക്കിലെ AN കോളനിയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപ അനുവദിക്കുകയും അതിൽ 20,00,000/-(ഇരുപത് ലക്ഷം രൂപ മാത്രം ) രൂപ ഇതുവരെ ചെലവഴിച്ചിട്ടുമുണ്ട്. ടി ബ്ലോക്കിലെ പന്നിശ്ശേരി കോളനിയിൽ അംബേദ്കർ ഗ്രാമം പദ്ധതിക്കായി 1 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നിർമ്മാണ പ്രവൃത്തികളൊന്നും നടപ്പിലാക്കി വരുന്നില്ല. എന്നാൽ വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉൾപ്പെടെയുള്ള പദ്ധതികൾ പ്രകാരം മറ്റ് വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കോർപ്പസ് ഫണ്ട് പദ്ധതിക്കായി ചെലവഴിച്ച തുക വിവരം ചുവടെ ചേർക്കുന്നു.<br><br>വർഷം — അനുവദിച്ച തുക<br>2021-22 — 20,166/-<br>2022-23 — 1,60,538/-<br>2023-24 — 1,51,750/-<br><br>ആകെ 3,32,454/- |
| (ബി) | സേഫ് പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന പുനരുദ്ധാരണത്തിനായി ആലപ്പുഴ മണ്ഡലത്തിൽ എത്ര പേർക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ; | (ബി) | ആലപ്പുഴ നിയമസഭാ മണ്ഡലത്തിൽ സേഫ് പദ്ധതി പ്രകാരം ആര്യാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന 55 ഗുണഭോക്താക്കൾക്കായി 89,00,000/- (എൺപത്തൊൻപതു ലക്ഷം രൂപ) രൂപയും കഞ്ഞിക്കുഴി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന 11 ഗുണഭോക്താക്കൾക്കായി |

| | | | |
|---|---|---|---|
| | | | 19,00,000/-(പത്തൊൻപതു ലക്ഷം രൂപ) രൂപയും നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട് .<br><br>സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ മണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പ് ആനുകൂല്യം അനുവദിച്ചിട്ടില്ല . |
| (സി) | പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഫണ്ടുകൾ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമാക്കിയ സാഹചര്യത്തിൽ അർഹരായവർക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സമയബന്ധിതമായി ഫണ്ട് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |

സെക്ഷൻ ഓഫീസർ